ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയും ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനിയേഴ്സും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) 1998-ൽ സർക്കാർ പ്രഖ്യാപിച്ച വൈദ്യുതോർജ്ജ നയത്തിൽ താപവൈദ്യുതിയും ജലവൈദ്യുതിയും ചേർന്ന സമ്മിശ്രമായ ഉൽപ്പാദന മാണ് സംസ്ഥാനം ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുകൂടാതെ ചെറുകിട ജല വൈദ്യുത പദ്ധതി, ആണവ വൈദ്യുതി, കാറ്റിൽ നിന്നുള്ള വൈദ്യുതി സൗരോർജ്ജം, മറ്റ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ എന്നിവയിൽനിന്നും വൈദ്യുതോൽപ്പാദനത്തിന് ലക്ഷ്യമിട്ടിട്ടുണ്ട്.

ശബരിമലയിൽ തിരുപ്പതി മോഡൽ വികസനം ഏർപ്പെടുത്താൻ നടപടി

*7 [295] ശ്രീ. വി. ജെ. പൗലോസ്:
,, കെ. സി. ജോസഫ്:
,, കെ. മുഹമ്മദാലി:
,, എം. കെ. പോക്കർ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ തിരുപ്പതി മോഡൽ വികസനം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയോ;

(ബി) പമ്പയിൽനിന്നും സന്നിധാനം വരെ മഴയോ വെയിലോ കൊള്ളാതെ സഞ്ചരിക്കാനും ഇടയ്ക്കിടെ വിശ്രമിക്കാനും വഴിപാടുകൾക്കുള്ള പണമടയ്ക്കാനും സൗകര്യം ചെയ്യുവാൻ ഉദ്ദേശമുണ്ടോ;

(സി) തിരുപ്പതി മോഡലനുസരിച്ച് പമ്പ മുതൽ സന്നിധാനം വരെയും, സന്നിധാനത്തിന്റെ പരിസര പ്രദേശത്തും സ്ത്രീജന്യ ശൗചാലയങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്നേക്ക് നടപ്പിലാക്കും എന്ന് പറയുമോ?

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

(എ, ബി ആൻഡ് സി) ഉണ്ട്. ശബരിമല വികസനത്തിനുള്ള മാസ്റ്റർ പ്ലാനിന്റെ ആദ്യഘട്ട രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. തിരുപ്പതിയിലുള്ളതുപോലെ ശബരിമലയിലും ക്യൂ നിൽക്കുന്ന തീർത്ഥാടകരെ ഉദ്ദേശിച്ച് പമ്പ മുതൽ മരക്കൂട്ടം വരെയും മരക്കൂട്ടം മുതൽ ശരംകുത്തി വരെയും ക്യൂ കോംപ്ലക്സ് നിർമ്മിക്കാനും, ശൗചാലയങ്ങൾ നിർമ്മിക്കാനും പദ്ധതിയുണ്ട്. വനഭൂമി ലഭിക്കുന്നതിനനുസരിച്ച് ഇത് നടപ്പിലാക്കുന്നതാണ്.

സുഗന്ധവ്യഞ്ജന ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു പദ്ധതി

*8 [296] ശ്രീ. എം. വി. ജയരാജൻ:
,, മഞ്ഞളാംകുഴി അലി:
,, എ. കെ. ബാലൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly